LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 20, വ്യാഴം

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 23

നിയമസഭ 1986 നവംബർ 20-ാം തീയതി വ്യാഴാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പുതിയ വ്യവസായങ്ങൾക്കുള്ള അനുമതിപത്രം

* 425 [455] ശ്രീ. മണിമംഗലത്തു കുട്ട്യാലി :
,, പി. പി. തങ്കച്ചൻ :
,, കെ. കെ. ശ്രീനിവാസൻ :
,, എ. സി. ജോസ് :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതിപത്രം ലഭിക്കുന്നതിനുള്ള കാലതാമസം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇത് ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഉണ്ട്.

(ബി) വ്യവസായങ്ങൾക്ക് അനുമതിപത്രം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ പല പല ഉന്നതതല കമ്മിറ്റികളും കേന്ദ്രസർക്കാർ തലത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അനുമതിപത്രം വ്യവസായ വളർച്ചയ്ക്ക് ഉതകുന്നരീതിയിൽ ക്രോഡീകരിക്കുന്നുമുണ്ട്. ഇതിനും പുറമെ സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാരകമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വൻകിട-ഇടത്തരം വ്യവസായങ്ങൾക്കാവശ്യമായ അനുമതികളും ലഘൂകരിച്ചുകൊണ്ടുള്ള ഉത്തരവ് ജി. ഒ. (പി) 280/76/ഐ. ഡി. തീയതി 3-11-1986 പ്രകാരവും ചെറുകിട വ്യവസായങ്ങൾക്ക് ലോക്കൽബോഡികളിൽ നിന്ന് ലൈസൻസുകളും അനുമതികളും നൽകുന്നതിന് ഇപ്പോൾ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടുള്ള ഉത്തരവ് ജി. ഒ. (പി) 278/86/ഐ. ഡി. തീയതി 25-10-1986 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വ്യവസായികൾക്കു ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട അനുമതികൾ പെട്ടെന്നു ലഭ്യമാക്കുന്നതിനും വ്യവസായ സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല എസ്കോർട്ട് സർവ്വീസ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ലെറ്റർ ഓഫ് ഇൻഡന്റ് കിട്ടിയിട്ടുണ്ട്. എത്ര യെണ്ണം ഇംപ്ലിമെന്റേഷൻ ചെയ്തുകൊണ്ടിരിക്കുന്നു. അത് ഏതൊക്കെയാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ അനുവാദം ലഭിക്കാത്തതിന്റെ പേരിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഏതെങ്കിലും ഈ സംസ്ഥാനത്തിൽ തുടങ്ങുന്നതിനുള്ള നടപടികൾ എപ്പോഴെങ്കിലും സ്തംഭിച്ചു പോയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്. ഏതാണ് ആ കമ്പനികൾ എന്നു വിശദീകരിക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : സർ, 1982, 1985-86 കാലഘട്ടങ്ങളിൽ കേരളത്തിനു മൊത്തത്തിൽ ലഭിച്ച ലറ്റർ ഓഫ് ഇൻഡന്റ് 108 ആണ്. അതിൽ 13 എണ്ണം ഇംപ്ലിമെന്റു ചെയ്തു കഴിഞ്ഞു. 72 എണ്ണം ഇംപ്ലിമേന്റേഷന്റെ വിവിധ ഘട്ടങ്ങളിലാണ്. പിന്നെ പലരും പല വ്യവസായങ്ങൾക്കും അനുമതി പത്രം ആവശ്യപ്പെടാറുണ്ട്. അനുവദിച്ചു കഴിഞ്ഞതിനു ശേഷമേ സംസ്ഥാന ഗവൺമെന്റിനു അറിയാൻ കഴിയുകയുള്ളൂ. ഒരു മോട്ടോർ ട്രക്കു വ്യവസായം ആരംഭിക്കണമെന്ന് ഒരാൾ ആവശ്യപ്പെട്ടതായി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിരുന്നു. പക്ഷേ ഇൻഡ്യയിലെ മുഴുവൻ അതിന്റെ ഉൽപ്പാദനവുമായി തട്ടിച്ചുനോക്കുമ്പോൾ അതിനു പുതിയ ലൈസൻസു കൊടുക്കാൻ സാദ്ധ്യമല്ലെന്നുള്ള നിലപാടാണ് ഇൻഡ്യാ ഗവൺമെന്റിന്റെ ലൈസൻസു കമ്മിറ്റി എടുത്തത്. അങ്ങനെയല്ലാതെ നിലവിലുള്ളതു തന്നെ കൺവർട്ടു ചെയ്യുക എന്നുള്ള പ്രക്രിയയാണ് സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ ചെയ്യുന്നത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, ഈ ചെറുകിട വ്യവസായങ്ങൾക്കു വേണ്ടി ഉണ്ടാക്കിയിട്ടുള്ള എസ്കോർട്ടു സർവ്വീസ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടക്കുന്നത്. എസ്കോർട്ടു സർവ്വീസ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിലാണോ വിദേശമലയാളികളുടെ സഹായത്തോടുകൂടി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : എസ്കോർട്ടു സർവ്വീസ് ഗ്രൂപ്പ് എന്നുള്ള പേരിൽ രണ്ട് വിഭാഗങ്ങളാണ് ഉള്ളത്. ഒന്ന് കെ.എസ്.ഐ.ഡി.സി.യുടെ പ്രതിനിധി ചെയർമാനായി സംസ്ഥാനതലത്തിൽ എസ്കോർട്ട് സർവ്വീസുണ്ട്. അതിൽ സിഡ്കോയുടെയും കെ.എഫ്.സി.യുടെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും ഇതുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെയും പ്രതിനിധികളും ഉണ്ടാകും. ജില്ലാ ലവലിൽ ഉള്ളതിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ ഇൻഡസ്ട്രീസ് ജനറൽ മാനേജർ കൺവീനറുമായിരിക്കും ഇവരുടെ പ്രധാനപ്പെട്ട ജോലി ഏതെങ്കിലും വ്യവസായ സംരംഭകർക്ക് വ്യവസായത്തിന് വല്ല തടസ്സവും വിഷമതയും ഉണ്ടാകുകയാണെങ്കിൽ ഈ കമ്മിറ്റി യോഗം കൂടി അതിൽവച്ചു തീരുമാനം എടുക്കുക എന്നുള്ളതാണ്. ഗൾഫ് മലയാളികളെ സംബന്ധിച്ചിടത്തോളം അതു വേറൊരു രൂപത്തിലാണ്. അതു എസ്കോർട്ടു സർവ്വീസ് ഗ്രൂപ്പിന്റെ പരിധിയിൽപ്പെടുന്നതല്ല. എസ്കോർട്ടു സർവ്വീസ് എന്നുവച്ചാൽ വ്യവസായ സംരംഭകനു ഉണ്ടാകുന്ന വിഷമതകളും ലഘൂകരിക്കാനും അപ്പോൾ തീരുമാനമെടുക്കാനുമുള്ള ഒരു സമിതിയാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, അനുമതി പത്രം ലഭിക്കുന്നതിനുള്ള കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത് ഒഴിവാക്കുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ചെറുകിട വ്യവസായ സംരംഭകരെ സംബന്ധിച്ച് പ്രത്യേക കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ? അങ്ങനെ എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : കാലതാമസം ഒഴിവാക്കുന്നതിന് ഈ ഗവൺമെന്റ് ലഘൂകരിച്ച നടപടികളുംഎടുത്തുകൊണ്ട് അടുത്തകാലത്താണ് ഒരു ജി.ഒ. ഇതിനുവേണ്ടി പുറപ്പെടുവിച്ചത് ആ ജി.ഒ.പ്രകാരം ചില പ്രത്യേക വ്യവസായങ്ങളൊഴികെ മറ്റുള്ള വയ്ക്ക് ഒന്നും ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ആവശ്യമില്ല. അഫ്ളുവൻറ് അല്ലെങ്കിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ആവശ്യമില്ല. തീ പിടിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങളൊഴികെ ബാക്കിയുള്ള 25 ഹോഴ്സ് പവറിനു താഴെ മാത്രം വൈദ്യുതി ആവശ്യമുള്ളവർക്ക് ഫയർ ഫോഴ്സിന്റെയും അനുമതിആവശ്യമില്ല. വൈദ്യുതി ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് പത്തോ വൈദ്യുതിയില്ലാത്ത വ്യവസായങ്ങൾക്ക് ഇരുപതോ തൊഴിലാളികളുള്ളതിന് ഫാക്ടറി ഇൻസ്പെക്ടറോട് റഫർ ചെയ്യേണ്ടതില്ല. അതുപോലെ ചീഫ് ടൗൺ പ്ലാനർക്കും മറ്റുമുള്ളത് ആവശ്യമില്ലാത്ത ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്ക് അയയ്ക്കേണ്ട കാര്യമില്ല. അങ്ങനെ ചില പ്രത്യേക കാറ്റഗറിയായി തിരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി എല്ലാ ലൈസൻസുകളും പഞ്ചായത്തുകളിൽനിന്നും അതായത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നാണ് ലഭിക്കേണ്ടത്. 45 ദിവസത്തിനകം അത് നൽകേണ്ടതാണെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തുകളും മറ്റ് വകുപ്പുകളിൽ നിന്നും അനുമതി വാങ്ങാൻ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് അതുപോലെ ഫയർഫോഴ്സ് അങ്ങനെ ആവശ്യമായവയിൽനിന്നും 30 ദിവസത്തിനുള്ളിൽ അനുമതി വാങ്ങിയിരിക്കണം. 30 ദിവസത്തിനുള്ളിൽ ലഭ്യമല്ലെങ്കിൽ അത് ലഭ്യമായിരിക്കുന്നുവെന്നുള്ള deemed to have received എന്നുള്ള നിലക്ക് ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിച്ചുകൊള്ളാൻ അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകൊണ്ടുള്ള ഒരു ജി. ഒ. യാണ് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ളത് അത്രയും ലഘൂകരിച്ചിട്ടുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ : പുതിയ ഉത്തരവ് , ഇറക്കിയതിനുശേഷം ഈ നടപടിക്രമങ്ങൾ ലഘൂകരിച്ചുവെന്ന് പ്രായോഗിക അനുഭവത്തിൽനിന്നും മനസിലാക്കുന്നതിനുവേണ്ടി ഇവിടെ ഗവൺമെൻറ് മുൻകൈയെടുത്ത് എന്തെങ്കിലും റിവ്യൂ നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഗവൺമെൻറിൻെറ അനുഭവം അതിൻെറ അടിസ്ഥാനത്തിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : ഞാൻ നേരത്തെ പറഞ്ഞതുപോലെ എസ്കോർട്ട് സർവ്വീസ് ഗ്രൂപ്പ് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമുണ്ട്. അതിനു മുകളിൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു എമ്പവേർഡ് കമ്മറ്റിയുണ്ട്. വ്യവസായ വകുപ്പിൻെറയും ധനകാര്യ വകുപ്പിൻെറയും കെ. എഫ്. സി. യുടെയും പ്രതിനിധികളും ഉൾക്കൊള്ളുന്നുണ്ട്. അവർ ഇത് മനസിലാക്കിയതിനു ശേഷമാണ് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ ലൈസൻസുകളും പെർമിറ്റുകളും കിട്ടാൻ താമസം നേരിട്ടതുകൊണ്ട് അത് ലഘൂകരിക്കാനുള്ള നടപടിയാണ് ഗവൺമെൻറ് ജി. ഒ. ആയിട്ട് പുറപ്പെടുവിച്ചത്. അത് വളരെ അധികം സ്വാഗതം ചെയ്യപ്പെട്ടു. ഭാവിയിൽ ഇതുവരെ ഉണ്ടായിരുന്ന പല തടസ്സങ്ങളും പ്രയാസങ്ങളും തീർത്തുകൊണ്ട് ഒരു സിങ്ഗിൾ വിൻഡോ സ്ക്രീനിംഗിൻെറ ഭാഗമെന്ന നിലയ്ക്ക് ഫലപ്രദമായിട്ടാണ് എല്ലാവരിൽ നിന്നും കിട്ടിയിട്ടുള്ളത്.

ശ്രീ. എം. കെ. കേശവൻ : കെ. എസ്. ഐ. ഡി. സി. യുടെ സഹായമുള്ള മങ്ങാട്ടുപറമ്പിൽ മോത്തി കമ്പനി കഴിഞ്ഞ ഒരു വർഷത്തോളമായി പൂട്ടിക്കിടക്കുകയാണ്. എന്തുകൊണ്ടാണ് ആ കമ്പനി പൂട്ടിക്കിടക്കേണ്ടി വന്നത്. ആ കമ്പനി തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാനുള്ള നടപടികൾ എന്തൊക്കെ സ്വീകരിച്ചുവെന്ന് പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : സർ, ഈ മോത്തി കെമിക്കൽസ് ഫങ്ഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. മോത്തി കെമിക്കൽസ് ആരംഭിച്ചപ്പോൾ തദ്ദേശവാസികൾ വായു മലിനീകരണത്തിൻെറ പേരിലും പരിസ്ഥിതി മലിനീകരണത്തിൻെറ പേരിലും പ്രതിഷേധം മുഴക്കി. അതിനെത്തുടർന്ന് അത് എക്സ്പർട്ട് കമ്മറ്റിക്ക് വിട്ടു. അത് അഫ്ളുവൻറ് ഉണ്ടാക്കുകയില്ലെന്നും ഒരു വിഷമവും ഉണ്ടാവുകയില്ലെന്നും അവർ പറഞ്ഞു. എന്നിട്ടും തദ്ദേശവാസികൾ അതിനെതിരായി പ്രക്ഷോഭണമുണ്ടാക്കി. അതിനെത്തുടർന്ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു. വീണ്ടും ഒരു പുതിയ കമ്മറ്റിക്കു വിട്ടുകൊടുത്തു. ആ കമ്മറ്റി റിപ്പോർട്ടു പ്രകാരം അങ്ങനെ ഭയപ്പെടേണ്ട ആവശ്യമില്ലെന്നു പറഞ്ഞു. പക്ഷേ ആ മാനേജുമെൻറ് തദ്ദേശവാസികളുമായി ഒന്നുകൂടി സംസാരിച്ചതിനുശേഷം തുടങ്ങുമെന്നാണ് അറിയുന്നത്. അതുകൊണ്ട് ആ കമ്പനി തുറന്നത് പൂട്ടിയിട്ടു എന്നു പറഞ്ഞത് ശരിയല്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : നോ ഇൻഡസ്ട്രിയൽ ഡിസ്ട്രിക്ടായ വയനാടിൽ വലിയ മെഷനറി ഉപയോഗിച്ച് വലിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ബുദ്ധിമുട്ടാണ്. ഇന്ന് അവിടെ ഒരു ഇലക്ട്രോണിക് വാച്ച് ഉണ്ടാക്കുന്ന ഒരു ഫാക്ടറി മാത്രമേയുള്ളൂ. അതു കൂടാതെ 100 പേർക്കു ജോലി കൊടുക്കാൻ വേണ്ടിയുള്ള ഒരു എലക്ട്രോണിക് വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുമെന്ന് ഗവൺമെൻറ് പറഞ്ഞിരുന്നു. അതിൻെറ പ്രവർത്തനം എത്രത്തോളമായി എന്നു വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : ഇന്നുള്ള വാച്ച് നിർമ്മാണ ഫാക്ടറി ഒന്നുകൂടി ഡൈവേഴ്സിഫൈ ചെയ്ത് കെൽട്രോൺ അതിൻെറ പദ്ധതികൾ എടുത്തു കൊണ്ടിരിക്കുകയാണ്. പിന്നെ അവിടെ ഒന്നു രണ്ട് വ്യവസായങ്ങൾ ആരംഭിക്കാൻ നടപടിയെടുത്തുകഴിഞ്ഞു.

ശ്രീ. ഇ. കെ. നായനാർ : മന്ത്രി മോത്തി വ്യവസായത്തെപ്പറ്റി ഇവിടെ പരാമർശിക്കുകയുണ്ടായി. എനിക്ക് അതിൻെറ വിശദവിവരമറിയാം മോത്തി വ്യവസായത്തിൽ ഇവിടത്തെ തൊഴിലാളികൾ ന്യായമായ, അനുകൂലമായ സമീപനം കൈക്കൊള്ളുന്നുണ്ടോ ? ആ സമീപനം കൈക്കൊള്ളാനുള്ള നേതൃത്വം ബഹുമാനപ്പെട്ട മന്ത്രിയെടുക്കുമോ. ഇവിടത്തെ പ്രതിപക്ഷത്തെപ്പറ്റിയല്ല വലിയ പ്രശ്നം. പിന്നെ പരിസ്ഥിതിവാദക്കാരുണ്ട് പിന്നെ തൊഴിലാളികളുണ്ട് ആ പ്രശ്നമാണ് വലിയ പ്രശ്നം. പക്ഷേ അവിടത്തെ നാട്ടുകാർ ആകെ എതിരായിരുന്നു അതൊക്കെ ഇപ്പോൾ കുറേശ്ശ മാറിയിട്ടുണ്ട്. അതുകൊണ്ട് ഞങ്ങളുടെ പാർട്ടി ഒരു പോസിറ്റീവ് സമീപനമാണ് എടുത്തിട്ടുള്ളത്. അവിടത്തെ അന്വേഷണമൊക്കെ കഴിഞ്ഞതിൻെറ റിപ്പോർട്ടുണ്ട്. എന്നാൽ അവിടത്തെ തൊഴിലാളികൾ അതിൻെറയകത്ത് കുത്തിത്തിരിപ്പുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. അതുകൊണ്ടാണ് അത് ഇപ്പോൾ വിഷമമായിരിക്കുന്നത്. അതുകാരണം ഞങ്ങൾക്കും അതിൽനിന്ന് പിൻവാങ്ങാൻ കഴിയുകയില്ല, അതുകൊണ്ട് തൊഴിലാളികൾ അതിന് ഒരു മുൻകൈയെടുത്ത് അത് തുടങ്ങത്തക്കവിധത്തിലുള്ള ഒരു സ്വീകാര്യതയുണ്ടാക്കുമോയെന്നാണ് എൻെറ ചോദ്യം ?

ശ്രീ. ഇ. അഹമ്മദ് : ഇതിൽ തൊഴിലാളിപക്ഷത്തെയും പ്രതിപക്ഷത്തെയും ഉൾപ്പെടുത്തുന്നത് ശരിയല്ല. കാരണം, ഇതിൽ ഇതുപോലുള്ള പരിസ്ഥിതി പ്രശ്നമുണ്ടാകുമെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ ഇവിടെയുള്ള നമ്മുടെ സംസ്ഥാന ഗവൺമെൻറിൻെറ പരിസ്ഥിതി കൺട്രോൾ ബോർഡ് പറഞ്ഞു അങ്ങനെ ഉണ്ടാകുകയില്ലെന്ന്. എന്നിട്ടും ചില ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ പേരിലുള്ള ചില ആളുകൾ വീണ്ടും ആക്ഷേപം മുഴക്കി. അത് മൂന്നാമത് ഒരു കമ്മിറ്റിക്ക് റെഫർ ചെയ്യാൻവേണ്ടി കൊടുത്തു. അവരും പറഞ്ഞു അങ്ങനെ ഭയപ്പെടാനൊന്നുമില്ലന്ന്. ബഹുമാനപ്പെട്ട നായനാരും, പ്രതിപക്ഷവും അതിനെ പ്രതിഷേധിക്കുകയില്ലെന്ന് പറഞ്ഞത് ഞാൻ സ്വാഗതം ചെയ്യുന്നു. മറ്റുള്ളവരും അങ്ങനെ ചെയ്യുമെന്നു തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഏതായാലും ഇത് സംബന്ധിച്ച് വിധി കൽപ്പിക്കാനുള്ള സംസ്ഥാന ഗവൺമെൻറിൻെറ സ്ഥാപനമോ, അതിനോടനുബന്ധിച്ച് രൂപവൽകൃതമാകുന്ന മറ്റ് സ്ഥാപനങ്ങളോ, സംഘങ്ങളോ തന്നെ ഒന്നുമില്ലന്ന് പറഞ്ഞാലും, പരിസരവാസികളിൽ ചിലരുണ്ടെന്നുള്ള ഭയപ്പാടിൻെറ പേരിൽ തടഞ്ഞുനിർത്തുന്നത് ഒട്ടും ശരിയല്ല. അതിന് എല്ലാവരുടേയും സഹകരണം ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. ഇ. കെ. നായനാർ : കളക്ടർ ഉത്തരവാദിത്വമെടുത്തുകൊണ്ട് ജനങ്ങൾക്ക് ഉറപ്പ് കൊടുത്തതുകൊണ്ട് എൻെറ പാർട്ടി അതിനെതിരായി നിൽക്കുന്നില്ല. ബഹുമാനപ്പെട്ട അഹമ്മദിൻെറ പാർട്ടി അതിനെതിരായി നിൽക്കുന്നുവെന്നുള്ള സംശയം എനിക്കുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നത് ഗവൺമെൻറ് മുൻകൈയെടുത്ത് കോൺഗ്രസ് (ഐ) യടക്കം വിളിച്ചുകൂട്ടി ചർച്ച നടത്തിയാൽ ആ വ്യവസായം തുടങ്ങാൻ കഴിയുമെന്നാണ് പിന്നെ കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

നാട്ടുകാര്യം കാണും. അഹമ്മദിനേക്കാൾ അവിടത്തെ നാട്ടുകാരെപ്പറ്റി 100 ശതമാനവും എനിക്കറിയാവുന്നതാണ്. അത്തരത്തിലുള്ള ഒരു സമീപനം കൈക്കൊള്ളുന്നില്ല എന്നിട്ട് പ്രതിപക്ഷത്തിന്റെ തലക്ക് കുത്തി വെക്കണ്ട.

ശ്രീ. ഇ. അഹമ്മദ് ഏതായാലും ബഹുമാനപ്പെട്ട നായനാർ ഇത്രയും വലിയ സ്വാഗതാർഹമായ തീരുമാനമെടുത്തതുകൊണ്ട് അത് സംബന്ധിച്ചുള്ള കാര്യങ്ങൾ ഞാൻ ഉടനെ അന്വേഷിച്ച് നടപടിയെടുക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഈ രാജ്യത്തിന്റെ സമതുലിതമായ വ്യാവസായിക വികസനത്തെ പരിഗണിക്കാതെയും, പ്രാദേശികമായ വിഭാഗീയ പരിഗണനകൾ വച്ചുമാണ് എന്നുള്ള ഒരു വിമർശനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒട്ടും ശരിയല്ല. എവിടെയെല്ലാം വ്യവസായം ആരംഭിക്കാൻ ആരെല്ലാം മുന്നോട്ടു വരുന്നോ, അവരെയൊക്ക സഹായിക്കും. പക്ഷേ ഇൻഡ്യാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം No Industrial ഡിസ്ട്രിക്ട്, ഇൻഡസ്ട്രിയലി മോസ്റ്റ് ബാക്ക്വാഡ് ഡിസ്ട്രിക്ട്, ഇൻഡസ്ട്രിയലി ബാക്ക്വാഡ് സിസ്ട്രിക്ട് ഇങ്ങനെ മൂന്ന് കാറ്റഗറിയായി തിരിച്ചിട്ടുണ്ട്. അവിടങ്ങളിൽ പ്രത്യേകമായ ആനുകൂല്യം ഇൻഡ്യാ ഗവൺമെന്റ് നൽകുന്നുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സംരംഭകർ മുന്നോട്ടുവരുമ്പോൾ അതിനുള്ള സഹായങ്ങൾ കൊടുക്കുകയാണ് ചെയ്യുന്നത്. ഒരിക്കലും വിഭാഗീകമായി യാതൊരു നിലപാടും ഈ ഗവൺമെന്റ് ചെയ്തിട്ടില്ല.

ഐ. ഡി. ബി. ഐ. യുടെ സഹായം ലഭിച്ച ഇടത്തരം വ്യവസായങ്ങൾ

* 426 [456] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
,, സി. ടി. കൃഷ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 24-ന് ശേഷം ഐ. ഡി. ബി. ഐ. യുടെ സഹായ സംസ്ഥാനത്തെ ഇടത്തരം വ്യവസായങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, എത്ര വ്യവസായങ്ങൾക്ക് ; എത്രമാത്രം ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഉണ്ട്.

(ബി) 200.64 കോടി രൂപ സാങ്ഷനായതിൽ 156.57 കോടി രൂപ ലഭ്യമായി.

വ്യവസായങ്ങളുടെ എണ്ണം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly